സർക്കാർ സ്ഥാപനങ്ങളിൽ പ്രീപെയ്ഡ് മീറ്റർ

164 (1128) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക പട്ടികസമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർക്കാർ സ്ഥാപനങ്ങളുടെ വൈദ്യുതിചാർജ്ജ് കുടിശ്ശിക ക്രമാതീതമായി വർദ്ധിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) സർക്കാർ സ്ഥാപനങ്ങളിൽ പ്രീപെയ്ഡ് മീറ്റർ സ്ഥാപിച്ച് വൈദ്യുതി ഉപയോഗിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) 31-12-2009, 31-3-2010, 30-6-2010 എന്നീ കാലയളവുകളിലെ സർക്കാർ സ്ഥാപനങ്ങളുടെ വൈദ്യുതി ചാർജ്ജ് കുടിശ്ശിക യഥാക്രമം 144.41 കോടി രൂപ, 144.82 കോടി രൂപ, 146.57 കോടി രൂപയാണ്. ഇതിൽനിന്നും കുടിശ്ശിക ക്രമാതീതമായി വർദ്ധിക്കുന്നതായി കാണാനാവില്ല.

(ബി) ബഹുമാനപ്പെട്ട ധനകാര്യ മന്ത്രി, 2010-11-ലെ ബഡ്ജറ്റ് അവതരണ വേളയിൽ പ്രസ്താവിച്ചതനുസരിച്ച്, ഊർജ്ജ സംരക്ഷണത്തിന്റെ ഭാഗമായി, വൈദ്യുതി ദുരുപയോഗം തടയുന്നതിന് വേണ്ടി, സർക്കാർ ഓഫീസുകളിൽ ഘട്ടം ഘട്ടമായി, 3 വർഷം കൊണ്ട് പ്രീ-പെയ്ഡ് മീറ്ററിംഗ് സംവിധാനം ഏർപ്പെടുത്തുന്നതിന് ബോർഡ് തീരുമാനമെടുത്തു. അതിന്റെ പ്രാരംഭഘട്ടം എന്ന നിലയിൽ, സംസ്ഥാനത്തെ 75 സർക്കാർ ഓഫീസുകളിൽ (23 ജില്ലാ ട്രഷറികളുൾപ്പെടെ) ഈ സംവിധാനം നടപ്പിലാക്കുന്നതിന് ഉള്ള ടെണ്ടർ നടപടികൾ ബോർഡിൽ നടന്നു വരികയാണ്.

സമ്പൂർണ്ണ വൈദ്യുതീകരണത്തിന് വൈദ്യുതി ബോർഡ് അനുവദിച്ച തുക

165 (1129) ശ്രീ. സി. ടി. അഹമ്മദ് അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക പട്ടികസമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഏതൊക്കെ നിയോജകമണ്ഡലങ്ങളിൽ സമ്പൂർണ്ണ വൈദ്യുതീകരണത്തിനുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചുവെന്നും ഏതൊക്കെ മണ്ഡലങ്ങളിൽ പൂർത്തീകരിച്ചുവെന്നും വ്യക്തമാക്കുമോ ;

(ബി) ഓരോ നിയോജകമണ്ഡലത്തിലും സമ്പൂർണ്ണ വൈദ്യുതീകരണത്തിന്റെ എസ്റ്റിമേറ്റ് എത്രയാണെന്നും, ഇതിനായി വൈദ്യുതി ബോർഡ് എത്ര തുക അനുവദിച്ചുവെന്നും വ്യക്തമാക്കുമോ ?

ഉത്തരം

(എ) സംസ്ഥാനത്തെ 60 നിയോജകമണ്ഡലങ്ങൾ സമ്പൂർണ്ണ വൈദ്യുതീകരണം പൂർത്തിയാക്കിയിട്ടുണ്ട്. 20-2-2011 ഓടെ 76 മണ്ഡലങ്ങളിൽ പൂർത്തീകരിക്കും. സംസ്ഥാനത്തെ എല്ലാ നിയോജകമണ്ഡലങ്ങളിലും സമ്പൂർണ്ണ വൈദ്യുതീകരണ പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചിട്ടുണ്ട്.

(ബി) വിവരം ശേഖരിച്ചു വരുന്നു.

LIBRARY, KERALA LEGISLATIVE ASSEMBLY